ജനയുഗം

ചെങ്കനലോർമ്മ
1919-2021

നീണ്ടകര കടലോരം 50 കളിൽ

നീണ്ടകര കടലോരം കേരളത്തിന്റെ മത്സ്യബന്ധന ഹബ്ബായി മാറിയ 'വികസനവിപ്ലവ'ത്തെക്കുറിച്ച്...

കൊല്ലം കമ്പോളം 50 വർഷം മുമ്പ്. ഇന്നത്തെ പായിക്കട റോഡ്

നീണ്ടകര അങ്ങനെ നീണ്ടകരയായി

പ്രദീപ് ചന്ദ്രൻ

അമ്പതുകളിൽ സാധാരണ ഒരു മുക്കവ ഗ്രാമം മാത്രമായിരുന്നു നീണ്ടകര. പിന്നീട് കേരളത്തിന്റെ മത്സ്യബന്ധന ഹബ്ബായി അത് മാറി. എങ്ങനെയാണ് നീണ്ടകര ആ പദവിയിലേക്ക് എത്തിച്ചേർന്നത്. അത് അറിയണമെങ്കിൽ ആദ്യം നീണ്ടകര എന്തായിരുന്നു എന്ന് അറിയണം. അതിന്റെ ചരിത്രം അറിയണം. പട്ടിണിക്കാരും നിരക്ഷരരും തിങ്ങിനിറഞ്ഞിരുന്ന, കാറും കോളും അടങ്ങുമ്പോൾ മാത്രം വഞ്ചിയിറക്കി അന്നത്തിന് വക തേടുന്ന മുക്കവർ ജീവിച്ചിരുന്ന കടപ്പുറം. തോണി തുഴഞ്ഞു പോകുന്ന കണവനെ കടലമ്മ കൊണ്ടുപോകുമോ എന്ന് ഭയന്ന് ഉറക്കം പോലുമില്ലാതിരുന്ന കറുത്തമ്മമാരുടെ കടലോരം.

കൊള്ളിമീനുകൾ നിറഞ്ഞ ആകാശം സൂര്യകിരണങ്ങളുടെ അകമ്പടിയോടെ എങ്ങനെ ഉദിച്ചുയരുന്നുവോ അതുപോലെ മാന്ത്രികവടി വീശിയാലെന്ന പോലെയാണ് നീണ്ടകര കേരളത്തിന്റെ മത്സ്യബന്ധന കലവറയായി മാറുന്നത്. അതിന് ബീജാവാപം ചെയ്തത് നോർവേ എന്ന കൊച്ചുരാജ്യവും. ലോകമഹായുദ്ധത്തിന്റെ കെടുതികൾ ഏറെ അനുഭവിച്ചറിഞ്ഞ നോർവേ ഉയർന്ന മാനവികതയും ജനാധിപത്യ അവബോധവും പേറിയ സ്കാൻഡിനേവിയൻ രാജ്യങ്ങളിലൊന്നായിരുന്നു.

ലോകയുദ്ധത്തിന്റെ കെടുതികളിൽ തകർന്നടിഞ്ഞ മറ്റ് ദരിദ്രരാഷ്ട്രങ്ങളെ സഹായിക്കണമെന്ന ചിന്ത ചരിത്രമുറങ്ങുന്ന ഈ നാട്ടിലെ ഭരണാധികാരികൾക്ക് ഉണ്ടായത് സ്വാഭാവികം മാത്രം. ഇതേത്തുടർന്ന് അവികസിത രാജ്യങ്ങൾക്കായുള്ള നോർവീജിയൻ സഹായം എന്ന പേരിലുള്ള നോർവീജിയൻ ഫൗണ്ടേഷൻ ഫോർ അസിസ്റ്റൻസ് ടു അണ്ടർ ഡെവലപ്മെന്റ് കൺട്രീസ് - എന്ന ഫണ്ടിന് അവിടുത്തെ നിയമനിർമ്മാണ സഭയായ സ്റ്റോർട്ടിംഗ് രൂപം നൽകി. മത്സ്യബന്ധന മേഖലയിലെ സഹായത്തിനായി കുറി വീണത് കൊച്ചുകേരളത്തിന്റെ തെക്കേയറ്റത്തെ ചെറിയ ഗ്രാമമായ നീണ്ടകരയ്ക്ക്. അഷ്ടമുടിക്കായൽ അറബിക്കടലുമായി സംഗമിക്കുന്ന ശക്തികുളങ്ങര-നീണ്ടകര ഭാഗം ഇതിന് ഏറെ അനുയോജ്യമാണെന്ന് നോർവേ സംഘം കണ്ടെത്തി. ഇതോടെ മറ്റൊരു സാമൂഹ്യവിപ്ലവം രൂപമെടുക്കുകയായിരുന്നു.

നീണ്ടകരയും ശക്തികുളങ്ങരയും ലോകമത്സ്യവ്യവസായഭൂപടത്തിൽ സ്ഥാനം പിടിച്ചു. പ്രദേശം "കൊച്ചമേരിക്ക'യായി മാറി. വല്ലപ്പോഴും മാത്രം അടുപ്പ് പുകഞ്ഞിരുന്ന മേഖലയിൽ നിന്ന് വറുതി വിട്ടൊഴിഞ്ഞു. ജീവിതം സമ്പൽ സമൃദ്ധമായി. വിദ്യാഭ്യാസ മേഖലയിലെ പുരോഗതി കൂടിയായപ്പോൾ ജനസമൂഹത്തിന്റെ സാമ്പത്തികാടിത്തറ മെച്ചമായി. കണവയും കൊഞ്ചും വിദേശികളുടെ തീൻമേശയിൽ സ്ഥാനംപിടിച്ചതോടെ ഡോളർ ഇങ്ങോട്ടേക്ക് ഒഴുകാൻ തുടങ്ങി. ശക്തികുളങ്ങരയുടെ സുവർണ്ണ നാളുകളായിരുന്നു അത്. ചെറ്റക്കുടിലുകൾക്ക് പകരം ബഹുനില സൗധങ്ങൾ ഉയർന്നുപൊങ്ങി. നാടൻവള്ളത്തിൽ നിന്ന് യന്ത്രവൽകത മത്സ്യബന്ധനത്തിലേയ്ക്കുള്ള മാറ്റം അതിശയകരമായിരുന്നു. പഴമക്കാർ മൂക്കിൽ വിരൽ വച്ചുകൊണ്ടാണ് അതിനെ നോക്കികണ്ടത്.

1953 ഏപ്രിൽ 19 കൊല്ലത്തിന്, പ്രത്യേകിച്ച് ശക്തികുളങ്ങര-നീണ്ടകര നിവാസികൾക്ക് വലിയൊരു ആഘോഷം തന്നെയായിരുന്നു. ദരിദ്രരെങ്കിലും പുത്തനുടുപ്പുകൾ അണിഞ്ഞ് വൃദ്ധരും യുവാക്കളും സ്ത്രീകളും കുട്ടികളും അടങ്ങുന്ന വൻ ജനസഞ്ചയം ഹൃദ്യമായ വരവേൽപ്പാണ് നോർവേ സംഘത്തിന് നൽകിയത്. ആയിരങ്ങളാണ് നീണ്ടകരയിൽ തടിച്ചുകൂടിയത്. അന്ന് തിരുവിതാംകൂറിലെ ആകെ ജനസംഖ്യ 70,000 മാത്രമാണെന്നോർക്കണം. ഡി എച്ച് ലുണ്ട് എന്ന നോർവേക്കാരനായിരുന്ന പ്രോജക്ട് ഡയറക്ടർ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു സിവിൽ എൻജിനിയർ, സാമ്പത്തിക ശാസ്ത്രജ്ഞൻ, മത്സ്യബന്ധനത്തിൽ വിദഗ്ധ പരിശീലനം നേടിയ ഫിഷറീസ് ലീഡർ, ഒരു അസിസ്റ്റന്റ് എന്നിവരടങ്ങുന്ന ദൗത്യസംഘം ഓസ്ലോയിൽ നിന്നും നീണ്ടകരയിലെത്തി.

30 അടി നീളത്തിൽ അഞ്ചു പേർ കയറാവുന്ന കൊച്ചുവള്ളവും 40 അടി നീളവും 11 തുഴക്കാരുമുള്ള താങ്ങു വള്ളവുമാണ് ഭൂരിഭാഗം മുക്കവരും ഉപയോഗിച്ചിരുന്നത്. താങ്ങുവലയും ചൂണ്ടകളുമായിരുന്നു കൈമുതൽ. ഉൾനാടൻ മത്സ്യബന്ധനം പ്രധാനമായും ചീനവലയെ ആശ്രയിച്ചും. പരമ്പരാഗത വള്ളങ്ങളിൽ എൻജിൻ ഘടിപ്പിച്ച് യന്ത്രവൽക്കൃത മത്സ്യബന്ധനം സാധ്യമാക്കാൻ കഴിയില്ലെന്ന് നോർവേ സംഘത്തിന് മനസിലായി. ഗവേഷണങ്ങൾക്ക് ശേഷം ഇപ്പോൾ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന തരത്തിലുള്ള ബോട്ട് നോർവേയിലെ. യാർഡിൽ തയ്യാറാക്കി. അടിഭാഗം പരന്ന (ഏരാവ്) ബോട്ടായിരുന്നു അത്. 1958 ആയപ്പോഴേക്കും നൂറോളം തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾക്ക് നോർവേ സംഘം പരിശീലനം നൽകിക്കഴിഞ്ഞു.. പരിശീലനം കഴിഞ്ഞ ചിലരെ അടുത്ത ബാച്ചിനെ പരിശീലിപ്പിക്കാൻ നിയോഗിച്ചു. മറ്റുള്ളവരെ യന്ത്രവൽകൃത ബോട്ടുകളിലെ സ്രാങ്കായും മറ്റും നിയോഗിച്ചു. ബോട്ടിനും എൻജിനും വലയ്ക്കും സബ്സിഡി നൽകി തുടങ്ങിയതോടെ കൂടുതൽ പേർ ഇതിൽ ആകൃഷ്ടരായി മുന്നോട്ടുവന്നു. 1958 ഏപ്രിൽ 25ന് പദ്ധതി പ്രദേശത്ത് നോർവേയിൽ നിന്നെത്തിച്ച ബോട്ട് നീറ്റിലിറക്കിയത് അന്നത്തെ പ്രധാന മന്ത്രി ജവഹർലാൽ നെഹ്റുവായിരുന്നു. തീരദേശമാകെ ഉത്സവത്തിലാറാടിയ ദിനമായിരുന്നു അന്ന്.

26, 30, 35 അടി നീളമുള്ള മീഡിയം ബോട്ടുകൾ കടലിലൂടെ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുന്നത് തീരദേശവാസികൾ കൺകുളിർക്കെ കണ്ടു. ചാളയും മത്തിയും അയലയും മാത്രമല്ല കിളിമീനും സ്രാവും ആവോലിയും കണവയും കൊഞ്ചുമൊക്കെ ബോട്ടുകളിൽ തുള്ളിച്ചാടി കിടക്കുന്നത് അവിശ്വസനീയതയോടെയാണ് മത്സ്യത്തൊഴിലാളികൾ നോക്കികണ്ടത്. അത്ഭുതങ്ങൾ അവിടം കൊണ്ടും അവസാനിച്ചില്ല. മത്സ്യം സംസ്കരിച്ച് വിപണനം നടത്തുന്നതിനായി ശീതീകരണപ്ലാന്റും സ്റ്റോറേജ് സൗകര്യങ്ങളും ലഭ്യമാക്കുകയായിരുന്നു പ്രോജക്ടിന്റെ രണ്ടാംഘട്ടം.

1953ൽ ഇതിനുവേണ്ട സ്ഥലം കണ്ടെത്തിയെങ്കിലും 55ലാണ് നിർമ്മാണം ആരംഭിച്ചത്. രണ്ട് ഏക്കർ വിസ്തൃതിയുള്ള ഫാക്ടറിയിൽ ഐസ് സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനത്തോടുകൂടിയ മുറികൾ, പച്ചമത്സ്യം സംഭരിക്കുന്നതിനുള്ള അറകൾ, മത്സ്യം സൂക്ഷിക്കുന്നതിനുള്ള സംവിധാനം, സംസ്കരണശാല എന്നിവ ഉൾപ്പെട്ടിരുന്നു. പ്രതിദിനം 25 ടൺ ഐസ് ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

പ്രൊജക്ട് ഡയറക്ടർ ഡി എച്ച് ലുണ്ടിന്
1953 ൽ നീണ്ടകരയിൽ നൽകിയ സ്വീകരണം

വിദൂര മേഖലകളിൽ മത്സ്യം എത്തിക്കാനായി ശീതീകരണ സംവിധാനമുള്ള നാല് ഇൻസുലേറ്റഡ് വാനുകൾ നോർവേയിൽ നിന്ന് കൊല്ലത്തെത്തിച്ചു. രണ്ട് ടൺ മത്സ്യം സംഭരിക്കാൻ ശേഷിയുള്ളവയായിരുന്നു ഇവ. 1958 ആയപ്പോഴേക്കും മറ്റ് രണ്ട് വാനുകൾ കൂടി ഇവിടേക്ക് കൊണ്ടു വന്നു. തുടർന്നാണ് ഇൻസുലേറ്റഡ് വാനുകളിൽ വിദൂരപ്രദേശങ്ങളിൽ മത്സ്യം എത്തിക്കാനാരംഭിച്ചത്.

ശീതീകരിച്ച് മത്സ്യം സംസ്കരിക്കുന്നത് 1957 സെപ്റ്റംബറോടെയാണ് ആരംഭിച്ചത്. പ്രജനനകാലമായ നവംബർ, ഡിസംബർ മാസങ്ങളിൽ 15 മെട്രിക് ടണ്ണോളം മത്തി(ചാള) ബോട്ടുകളിൽ നിന്ന് വാങ്ങിയ ശേഷം ഇവ സംസ്കരിക്കുകയും അവ മദിരാശിയിലേക്ക് കയറ്റി അയയ്ക്കുകയും ചെയ്തു. മദ്രാസ് പ്രവിശ്യയിൽപ്പെട്ട, തിരുവനന്തപുരത്തോട് അടുത്തു കിടക്കുന്ന സ്ഥലങ്ങളിലേക്കും വില്പനയ്ക്കായി കൊണ്ടു പോയി. ഇതോടെ കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും മത്സ്യം ഫ്രഷായി എത്തിത്തുടങ്ങി.

മത്സ്യം പിടിക്കാനും ഉണക്കാനും കയറ്റി അയയ്ക്കാനും മാത്രമായുള്ള വികസനമല്ല നോർവേ സംഘം മനസിൽ കണ്ടത്. ദരിദ്രരായ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സർവതോന്മുഖമായ വികസനമാണ് അവർ ആസൂത്രണം ചെയ്തത്. ചെളിക്കുണ്ടിലാഴ്ന്നു കിടക്കുന്ന മനുഷ്യനെ കൈപിടിച്ചുയർത്തുന്നത് സാമൂഹ്യ നവോത്ഥാനമാണെങ്കിൽ എല്ലാ അർത്ഥത്തിലും ഇൻഡോ-നോർവീജിയൻ പദ്ധതിയെ ഒരു വിപ്ലവമായി വിശേഷിപ്പിക്കാനാകും. പുതിയൊരു വികസനസരണിയാണ് ലോകത്തിന് കാട്ടിക്കൊടുത്തത്. മത്സ്യമേഖലയിൽ അന്നുവരെ ദർശിക്കാൻ കഴിയാത്ത പുതിയൊരു മാറ്റത്തിനാണ് പദ്ധതി തുടക്കമിട്ടത്.

പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാനുള്ള നോർവേ സംഘത്തിന്റെ ഭഗീരഥപ്രയത്നമാണ് ശാസ്താംകോട്ട ശുദ്ധജലവിതരണ പദ്ധതിക്ക് തുടക്കം കുറിച്ചത്. സമുദ്രനിരപ്പിൽ ശാസ്താംകോട്ട തടാകത്തിന് സമീപത്തായി സംഭരണിയും പമ്പിംഗ് സ്റ്റേഷനും ശുദ്ധീകരണ പ്ലാന്റും നിർമ്മിച്ചു. മിനിട്ടിൽ 3400 ഗ്യാലൺ വെള്ളമാണ് പമ്പ് ചെയ്തത്. പമ്പുകളും ഡീസൽ ആൾട്ടർനേറ്ററും നോർവേ നൽകി. ഇപ്പോഴും കൊല്ലം നഗരത്തിന്റെ ദാഹമടക്കുന്നത് ഈ കുടിവെള്ള പദ്ധതിയാണ്.

ജലനിർഗമനത്തിനായുള്ള മെയിൻ പൈപ്പ് ലൈനുകൾ വലുപ്പമുള്ളവയായതു കൊണ്ട് അവ നോർവേയിൽ നിന്ന് എത്തിക്കുക പ്രായോഗികമല്ലായിരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഒരു പൈപ്പ് നിർമ്മാണ ഫാക്ടറി കൂടി സ്ഥാപിക്കാനുള്ള ദൗത്യം നോർവീജിയൻ ഫൗണ്ടേഷൻ ഏറ്റെടുത്തു. അങ്ങിനെയാണ് ചവറ പ്രിമോ പൈപ്പ് ഫാക്ടറി ഉദയമെടുത്തത്. ഇൻഡോ- നോർവീജിയൻ പ്രോജക്ട് വിവിധോദ്ദേശ പദ്ധതിയായിരുന്നില്ലെങ്കിലും പിന്നോക്കാവസ്ഥയിലുള്ള ജനങ്ങളുടെ ആരോഗ്യ-ശുചീകരണ പ്രോജക്ടുകൾ കൂടി അവർ ഉൾക്കൊള്ളിച്ചു. ആദ്യപടി ആരോഗ്യ സർവേയായിരുന്നു. 1953 ൽ പുത്തൻ തുറയിലെ ഒരു വാടകക്കെട്ടിടത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി ക്ലിനിക് ആരംഭിച്ചു. തുടർന്ന് ശക്തികുളങ്ങരയിൽ ഒരു താൽക്കാലിക ആരോഗ്യ കേന്ദ്രം കൂടി തുറന്നു. പുത്തൻതുറയിൽ ആശുപത്രി നിർമ്മാണം തുടങ്ങിയത് 1955ലാണ്. ആറ് മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കി ജനങ്ങൾക്കായി തുറന്നു കൊടുത്തു. പിൽക്കാലത്ത് ഫൗണ്ടേഷൻ ആശുപത്രി എന്ന പേരിൽ അറിയപ്പെട്ട ഈ കേന്ദ്രം തീരമേഖലയുടെ ആരോഗ്യ സംരക്ഷണത്തിൽ വഹിച്ച പങ്ക് നിസ്തുലമാണ്.

അതുവരെ ചെറുവള്ളങ്ങളിൽ പോയി ചൂണ്ടയിട്ടും വലയിട്ടും അന്നന്നത്തെ ഉപജീവനമാർഗം തേടിയവർ യന്ത്രവൽകൃത ബോട്ടുകളിൽ ആഴിയുടെ വിശാലമായ ഓളപ്പരപ്പിൽ സഞ്ചരിച്ച് മത്സ്യം പിടിച്ച്, അവയെ ശീതീകരണികളിലാക്കി തിരികെ തുറമുഖത്ത് എത്തിക്കുന്ന കാഴ്ച ആവേശം നിറയ്ക്കുന്നതായിരുന്നു. വിദേശരാജ്യങ്ങളിലേക്ക് മത്സ്യം കയറ്റി അയച്ച് വിദേശനാണ്യം നേടുന്നതിലേക്ക് പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ കൈപിടിച്ച് ആനയിച്ചത് വിരലിലെണ്ണാവുന്ന ഒരു സംഘം സാങ്കേതികവിദഗ്ധരായിരുന്നു. അവർ ഇവിടെ എത്തിയത് സാമ്രാജ്യത്വ മോഹങ്ങളുമായല്ല. ലോകത്തെങ്ങുമുള്ള, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ നില മെച്ചപ്പെടണമെന്ന ഒറ്റ ചിന്താഗതിയേ അവർക്കുണ്ടായിരുന്നുള്ളു. 50കളിൽ ആരംഭിച്ച ആ സാമൂഹ്യവിപ്ലവത്തിന്റെ ഫലമായാണ് ആഗോളവൽക്കരണത്തിന്റേതായ ഈ കാലഘട്ടത്തിലും യന്ത്രവൽകൃത മത്സ്യബന്ധനവും മത്സ്യ സംസ്കരണവും നിലനിൽക്കുന്നത്.